# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂൺ 28

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ മൂന്നാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (ത്രിവത്സരം - 2018 അഡ്മിഷൻ - റഗുലർ), മൂന്നാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം - 2014-2017 അഡ്മിഷൻ - സപ്ലിമെന്ററി/2013 അഡ്മിഷൻ - ആദ്യ മേഴ്സി ചാൻസ്/2012 അഡ്മിഷൻ - രണ്ടാം മേഴ്സി ചാൻസ്/2012ന് മുമ്പുള്ള അഡ്മിഷൻ - മൂന്നാം മേഴ്സി ചാൻസ്, ഏഴാം സെമസ്റ്റർ എൽ.എൽ.ബി. (പഞ്ചവത്സരം - 2008-2010 അഡ്മിഷൻ - സപ്ലിമെന്ററി/2007 അഡ്മിഷൻ - ആദ്യ മേഴ്സി ചാൻസ്/2006 അഡ്മിഷൻ - രണ്ടാം മേഴ്സി ചാൻസ്/2006ന് മുമ്പുള്ള അഡ്മിഷൻ - മൂന്നാം മേഴ്സി ചാൻസ്) പരീക്ഷകൾ ജൂലൈ ഏഴിന് ആരംഭിക്കും.

(പി.ആർ.ഒ/39/574/2021)

ജൂൺ 18 മുതൽ നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒൻപതാം സെമസ്റ്റർ ബി.ആർക് (2016 അഡ്മിഷൻ - റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി), ഒൻപതാം സെമസ്റ്റർ ബി.ആർക് (2017 അഡ്മിഷൻ - റഗുലർ) പരീക്ഷകൾ ജൂലൈ 22 ന് ആരംഭിക്കും.

(പി.ആർ.ഒ/39/575/2021)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ എട്ടാം സെമസ്റ്റർ പഞ്ചവത്സര ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2016 അഡ്മിഷൻ - റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി പരീക്ഷകൾ ജൂൺ 30ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/576/2021)

അഫിലിയേറ്റഡ് കോളേജുകളിലും സീപാസിന് കീഴിലുള്ള സ്ഥാപനങ്ങളിലും ജൂൺ 25ന് നടത്താനിരുന്നതും മാറ്റിവച്ചതുമായ നാലാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ - റഗുലർ/2019ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി - ദ്വിവത്സരം) - പ്രൊഫഷണൽ ഡെവലപ്മെന്റ് ഓഫ് സാൻസ്ക്രിറ്റ് ടീച്ചർ, പ്രൊഫഷണൽ ഡെവലപ്മെന്റ് ഓഫ് അറബിക് ടീച്ചർ പരീക്ഷകൾ ജൂൺ 30ന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.30 വരെ നടക്കും.

(പി.ആർ.ഒ/39/577/2021)

## തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് 2021-22 അക്കാദമിക വർഷ പ്രിലിംസ് കം മെയിൻസ് കോച്ചിങ് പ്രോഗ്രാമിലേക്ക് റെഗുലർ ഈവനിംഗ്, ഫൗണ്ടേഷൻ ബാച്ചുകളിൽ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിനായി നടത്തുന്ന സ്പോട് അഡ്മിഷൻ തീയതി ജൂലൈ 10 വരെ നീട്ടി. റഗുലർ ബാച്ച് ഒരു വർഷവും, ഈവനിംഗ് ബാച്ച് ഒന്നര വർഷവും, ഫൗണ്ടേഷൻ ബാച്ച് രണ്ടുവർഷവും ദൈർഘ്യമുള്ളതാണ്. എസ്.എസ്.എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. എസ്.സി., എസ്.ടി. വിഭാഗത്തിന് 15000 രൂപയും മറ്റു വിഭാഗങ്ങൾക്ക് 30000 രൂപയുമാണ് കോഴ്സ് ഫീസ്. വിശദവിവരത്തിനും അഡ്മിഷൻ രജിസ്റ്റർ ചെയ്യുന്നതിനും ഫോൺ: 9188374553.

(പി.ആർ.ഒ/39/578/2021)

## പരീക്ഷഫലം

2020 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെറ്റ് വർക്ക് ടെക്നോളജി (2018 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ ഏഴുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/579/2021)

2021 ജനുവരിയിൽ നടന്ന ഒന്നാം വർഷ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ അനാട്ടമി (നോൺ സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/580/2021)

2021 ജനുവരിയിൽ നടന്ന അഞ്ചാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (നോൺ സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് ജൂലൈ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/581/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂൺ 28

## വാർത്താക്കുറിപ്പ് - 2

---

### റബർ ബോർഡ് ചെയർമാൻ ഡോ. കെ.എൻ. രാഘവന്റെ പ്രഭാഷണം ഇന്ന് (ജൂൺ 29)

റബർ ബോർഡ് ചെയർമാനും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. കെ.എൻ. രാഘവൻ ഇന്ന് (ജൂൺ 29) ഉച്ചകഴിഞ്ഞ് മഹാത്മാഗാന്ധി സർവകലാശാല കാമ്പസ് സന്ദർശിക്കും. തുടർന്ന് അദ്ദേഹം 'റബർ വ്യവസായം - സംരംഭകത്വ സാധ്യതകൾ, വികസനം, പുതിയ നിക്ഷേപങ്ങൾ' (ഇന്നൊവേഷൻ, ഇൻകുബേഷൻ, ആന്റ് സ്പിൻ-ഓഫ് വിത്ത് സ്പെഷൽ റഫറൻസ് ടു റബർ ഇൻഡസ്ട്രി) എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണവും നടത്തും.

ഉച്ചകഴിഞ്ഞ് 2.30ന് കാമ്പസിൽ എത്തുന്ന അദ്ദേഹം 3.30 വരെ വിവിധ ഡിപ്പാർട്ട്മെന്റുകൾ സന്ദർശിക്കും. തുടർന്ന് .ഓൺലൈനായി പ്രഭാഷണം നടത്തുന്ന അദ്ദേഹം വൈകീട്ട് നാലിന്ശേഷം സർവകലാശാലയും റബർ ബോർഡും സംയുക്തമായി നടത്താനുദ്ദേശിക്കുന്ന ഗവേഷണ സംരംഭങ്ങളെക്കുറിച്ച് വൈസ് ചാൻസലർ ഡോ. സാബു തോമസും മറ്റ് ഉന്നതോദ്യോഗസ്ഥരുമായി ചർച്ച നടത്തും. https://mgu.webex.com/mgu/j.php?MTID=mda9ce05cbf32f0d82f8dfecc25e9c93c എന്ന ലിങ്ക് മുഖേന പരിപാടിയിൽ ഓൺലൈനായി പങ്കെടുക്കാം.

(പി.ആർ.ഒ/39/582/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക്റിലേഷൻസ് ഓഫീസർ